# ചെറായി ബീച്ച് റോഡിൽ

# കാർ നിയന്ത്രണംവിട്ട് കായലിൽ പതിച്ചു

**ചെറായി:** ചെറായി രക്തേശ്വരി ബീച്ച് റോഡിൽ നിയന്ത്രണംവിട്ട ഇന്നോവ കാർ കായലിൽ പതിച്ചു. ഇന്നലെ പുലർച്ചെ രണ്ടോടെയായിരുന്നു അപകടം. കൊടുങ്ങല്ലൂർ സ്വദേശി തെക്കോട്ട് രാജേഷ് ആണ് കാർ ഓടിച്ചിരുന്നത്. കൂടെ സുഹൃത്തും ഉണ്ടായിരുന്നു. കായലിൽ വീണ കാറിൽനിന്ന് ഇരുവരും നിസാര പരിക്കുകളോടെ അ ത്ഭുതകരമായി രക്ഷപ്പെട്ട

മൂന്നുവർഷം മുമ്പ് ഓ ഞ്ചരിച്ചിരുന്ന കാർ ഇവി ണ് വീട്ടമ്മ മുങ്ങിമരിച്ചി വുകൾ ഉള്ള റോഡിൽ രാ ദിശ മനസിലാക്കുവാനു ൾ ഇല്ലാത്തതുമൂലമാണ് ടർക്കെണിയാകുന്നത്.

## പ്രഫ. സീതാരാമൻ പുരസ്കാരം സമ്മാനിച്ചു

**കളമശേരി:** ജില്ലയിൽ മികച്ച പരിസ്ഥിതി സംരക്ഷണ പ്രവർത്തനം സംഘടിപ്പിക്കുന്ന വിദ്യാലയത്തിന് മാനവദീപ്തി ഏർപ്പെടുത്തിയിട്ടുള്ള പ്രഫ. സീതാരാമൻ സ്മാരക പരിസ്ഥിതി പുരസ്കാരം തേവയ്ക്കൽ വിദ്യോദയ സ്കൂളിനു സമ്മാനിച്ചു. വിദ്യോദയ സ്കൂൾ ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സീതാരാമൻ അനുസ്മരണ സമ്മേളനവും പുരസ്കാര സമർപ്പണവും ഡോ. എം.പി. മത്തായി ഉദ്ഘാടനം ചെയ്തു. മാനവദീപ്തി പ്രസിഡന്റ് വർഗീസ് പുല്ലുവഴി അധ്യക്ഷത വഹിച്ചു.

## നവജീവൻ പുരസ്കാരം മിനി ബാബുവിന്



മിനി ബാബു

**പെരുമ്പാവൂർ:** മൂവാറ്റുപുഴ സോഷ്യൽ സർവീസ് സൊസൈറ്റിയുടെ(മാസ്) പ്രഥമ നവജീവൻ പുരസ്കാരത്തിന് കൂവപ്പടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് മിനി ബാബു അർഹയായി. 20ന് രാവിലെ 10ന് മൂവാറ്റുപുഴ കബനി പാലസ് ഹോട്ടലിൽ നടക്കുന്ന ചടങ്ങിൽ മാത്യു കുഴൽനാടൻ എംഎൽഎ അവാർഡ് സമ്മാനിക്കുമെന്ന് മാസ് ബോർഡ് ചെയർമാൻ ഡോ. ജോസുകുട്ടി ജെ. ഒഴുകയിലും, അവാർഡ് കമ്മിറ്റി ചെയർമാൻ റവ. ഡോ. ആന്റണി പുത്തൻകുളവും അറിയിച്ചു.

33,000 രൂപയും ഫലകവും പ്രശസ്തിപത്രവുമാണ് പുരസ്കാരം. പഞ്ചായത്ത് പ്രസിഡന്റ്, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എന്ന നിലകളിൽ നടത്തിയ സമഗ്ര സംഭാവനക്കുള്ള അംഗീകാരമായാണ് പുരസ്കാരം നൽകുന്നതെന്ന് അവാർഡ് കമ്മിറ്റി അറിയിച്ചു.

## ഫോർട്ട്കൊച്ചി-മുളവുകാട് റൂട്ടിൽ

# പുതിയ റോ-റോ സർ

**കൊച്ചി:** വൈപ്പിൻ-ഫോർട്ട്കൊച്ചി ദ്വീപുകൾ തമ്മിൽ ബന്ധിപ്പിച്ചുള്ള ജലഗതാഗത യാത്രാക്ലേശത്തിന് പരിഹാരമാകാൻ ഫോർട്ട്കൊച്ചി-മുളവുകാട് റൂട്ടിൽ പുതിയ റോ-റോ സർവീസിനൊരുങ്ങി കൊച്ചി കോർപറേഷൻ. വൈപ്പിൻ-ഫോർട്ട്കൊച്ചി റൂട്ടിലെ ഒരു റോ-റോ വെസൽ യന്ത്രത്തകരാറിനെ തുടർന്ന് സർവീസ് മുടങ്ങിയ സാഹചര്യത്തിലാണ് ബദൽ യാത്ര സൗകര്യമെന്ന നിലയിൽ പുതിയ റൂട്ടിൽ റോ-റോ സർവീസ് ആരംഭിക്കുന്നത്. നാളെ രാവിലെ 7.45 മുതൽ സർവീസ് ആരംഭിക്കും.

ഒരു റോ-റോ പണിമുടക്കിയതോടെ വൈപ്പിൻ-ഫോർട്ട്കൊച്ചി റൂട്ടിൽ ഒരു മാസമായി യാത്രക്കാർ നേരിടുന്ന യാത്രാക്ലേശത്തിനു പരിഹാരമാകുമെന്നാണ് പ്രതീക്ഷ. ബിനാലെയും കാർണിവലും നടക്കുന്നതിനാൽ യാത്രക്കാരുടെ തിരക്ക് ഇനിയും കൂടും. ഇക്കാര്യംകൂടി മുന്നിൽ കണ്ടാണ് യന്ത്രത്തകരാർ പരിഹരിച്ച് റോ-റോ സർവീസ് ആരംഭിക്കുന്നതുവരെ ബദൽ യാത്രാമാർഗം ഒരുക്കുന്നത്.



നിലവിൽ മുളവുകാട്-ഐലൻഡ് റൂട്ടിൽ സർവീസ് നടത്തുന്ന ഇൻലാൻഡ് വാട്ടർവേസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ ഉടമസ്ഥതയിലുള്ള റോ-റോ വെസൽ തന്നെയാണ് ഫോർട്ട്കൊച്ചിയിലേക്കും സർവീസ് നടത്തുക. വേലിയേറ്റ വേലിയിറക്ക ഘട്ടത്തിൽ റോ-റോ ഓടിക്കുന്നതിന് പ്രായോഗിക തടസം ഉള്ളതിനാൽ രാവിലെ 7.15 മുതൽ വൈകുന്നേരം നാലു വരെയാകും സർവീസ്. ഇതിനു മുന്നോടിയായി ഇന്നലെ ഈ റൂട്ടിൽ ട്രയൽ റൺ നടത്തി.

കേരള ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപറേഷനു തന്നെയാണ് പുതിയ റൂട്ടിലെയും സർവീസ് നടത്തിപ്പ് ചുമതല. പരീക്ഷണാടിസ്ഥാനത്തിൽ 14 വരെ സർവീസ് നടത്തും. വിജയകരമായാൽ കേടുപാട് സംഭവിച്ച റോ - റോ അറ്റകുറ്റപ്പണി പൂർത്തിയാക്കി സർവീസിന് തയാറെടുക്കുംവരെ മുളവുകാട് റൂട്ടിലെ സർവീസ് തുടരും.

## മാർ ആന്റണി പടിയറ പ്രഭാഷണ പരമ്പര

**അങ്കമാലി:** പൊങ്ങം നൈപുണ്യ കോളജ് രജതജൂബിലി ആഘോഷത്തിന്റെ ഭാഗമായി കർദിനാൾ മാർ ആന്റണി പടിയറ പ്രഭാഷണ പരമ്പര സംഘടിപ്പിച്ചു. എറണാകുളം-അങ്കമാലി അതിരൂപത വികാരി ജനറാൾ മോൺ. വർഗീസ് പൊട്ടക്കൽ ഉദ്ഘാടനം നിർവഹിച്ചു. ചടങ്ങിൽ മുഖ്യാതിഥിയായിരുന്ന മുൻ ചീഫ് സെക്രട്ടറി കെ. ജയകുമാർ വിദ്യാഭ്യാസ രംഗത്തെ മികവിനായി വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തി.

കോളജ് എക്സിക്യൂട്ടീവ് ഡയറക്ടറും പ്രിൻസിപ്പലുമായ റവ. ഡോ. പോളച്ചൻ, അക്കാദമിക് വൈസ് പ്രിൻസിപ്പൽ ട്രീസ പാറക്കൽ, എച്ച്ആർ ഡയറക്ടർ ഡോ.സാബു വർഗീസ് എന്നിവർ പ്രസംഗിച്ചു. കർദിനാൾ മാർ ആന്റണി പടിയറയെക്കുറിച്ചുള്ള വീഡിയോ ചടങ്ങിൽ പ്രകാശിപ്പിക്കുകയും അദ്ദേഹത്തെക്കുറിച്ചുള്ള സ്മരണ പുതുക്കുകയും ചെയ്തു.

## മുല്ലശേരി കനാൽ നവീകരണം

# സർക്കാർ ഇടപെടുന് ഹൈക്കോടതി

**കോടതി ഉത്തരവുകളേക്കാ ഉത്തരവുകളാണെന്ന് ചി മെന്നും കോടതി**

**കൊച്ചി:** നഗരത്തിലെ വെള്ളക്കെട്ട് ഒഴിവാക്കാൻ മുല്ലശേരി കനാലിന്റെ നവീകരണം അനിവാര്യമാണെന്നിരിക്കെ സർക്കാർ ഇക്കാര്യത്തിൽ മതിയായ ഇടപെടൽ നടത്തുന്നില്ലെന്ന് ഹൈക്കോടതിയുടെ വിമർശനം. കോടതി ഉത്തരവുകളേക്കാൾ വലുത് സർക്കാർ ഉത്തരവുകളാണെന്ന് ചിന്തിച്ചാൽ എന്തു ചെയ്യാനാകുമെന്നു ചോദിച്ച സിംഗിൾ ബെഞ്ച് മുല്ലശേരി കനാലിന്റെ നവീകരണ പ്രവൃത്തികൾ വൈകുന്നതിലുള്ള ആശങ്കയും അതൃപ്തിയും രേഖപ്പെടുത്തി. പ്രവൃത്തികളുടെ ക്ര

പ്പോകുന്ന സാഹചര്യമുണ്ടാകര തെന്നേ കോടതിക്കുള്ളൂയെന്നു സിംഗിൾ ബെഞ്ച് പറഞ്ഞു.

മുല്ലശേരി കനാലിലൂടെ ക ന്നു പോകുന്ന വാട്ടർ അതോറിറ്റ യുടെ പൈപ്പ്ലൈൻ മാറ്റുന്നത ന് റീടെണ്ടർ വേണമെന്ന നില പാടിലാണ് സർക്കാർ. സാങ്കേ ക കാരണങ്ങൾ പറയുന്നതിന

## വരാപ്പുഴ അതിരൂപത ജൂബിലി ദമ്പതീസംഗമം നാളെ

**കൊച്ചി:** വരാപ്പുഴ അതിരൂപത ഫാമിലി കമ്മീഷൻ സംഘടിപ്പിക്കുന്ന ജൂബിലി ദമ്പതീസംഗമം നാളെ ഉച്ചകഴിഞ്ഞ് 3.30ന് എറണാ... ഷി മയ്യാറ്റിൽ ദമ്പതികൾക്കായി ക്ലാസ് നയിക്കും. ഈ വർഷം വിവാഹത്തിന്റെ സുവർണ, രജത ജൂബിലി ആഘോഷിക്കുന്ന ദമ്പ...